# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2636 — 12.02.2019-ൽ മറുപടിയ്ക്ക്.

### വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **അഡ്വ.കെ.രാജു**<br>**(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിവർഷം ശരാശരി ഇരുപതോളം മനുഷ്യർ വന്യജീവി സംഘർഷത്തിന്റെ ഭാഗമായി വനത്തിനുള്ളിലോ, വനാതിർത്തികളിലോ വച്ച് കൊല്ലപ്പെടുന്നുണ്ട്. കൂടാതെ, നിരവധി പേർക്ക് പരിക്കേൽക്കുകയും വലിയ തോതിലുള്ള കൃഷിനാശവും സംഭവിക്കുന്നുണ്ട്. വനാതിർത്തിയിൽ അധിവസിക്കുന്ന നല്ലൊരു വിഭാഗം ജനങ്ങൾ വന്യജീവി സംഘർഷം കാരണം കടുത്ത സാമ്പത്തിക നഷ്ടവും മാനസിക സംഘർഷങ്ങളും നേരിടുന്നു. |
| (ബി) എങ്കിൽ ഇത് തടയുന്നതിന് ശാശ്വത പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ? | (ബി) വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷിമേഖലയെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെപറയുന്ന പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.<br><br>1 . വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.<br><br>2 . വനത്തിനു പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ. |

3.പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാര പഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7.വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതതോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത് ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. വനത്തിനകത്തും വനാതിർത്തികളിലും താമസിക്കുന്ന ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ.

10.വനം വകുപ്പിന്റെ ആന ക്യാമ്പിൽ തിരഞ്ഞെടുത്ത ആനകൾക്ക് കുങ്കി പരിശീലനം നൽകി വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ പട്രോളിംഗിന് നിയോഗിക്കൽ .

സെക്ഷൻ ഓഫീസർ